**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

കാസറഗോഡ് ഗവ കോളേജിലെ 11 ബിരുദ വിദ്യാർത്ഥികൾക്ക് 2020-21 അധ്യയന വർഷത്തിലെ രണ്ടാം വർഷ എൻ.സി.സി ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി വിഭാഗം**

ACAD.D4/8739/NCC/2019 തീയതി: 13.07.2022

---

പരാമർശം:-1.09.06.2005 തീയതിയിലെ അക്കാദ്. ഡി2/5069/എൻ.സി.സി/2001 നമ്പർ സർവ്വകലാശാല ഉത്തരവ്.
2.17.12.2005 തീയതിയിലെ അക്കാദ്. ഡി3/262/എൻ.സി.സി/2005 നമ്പർ സർവ്വകലാശാല ഉത്തരവ്.
3.10.05.2011 തീയതിയിലെ DSS/A1/General/2009 നമ്പർ സർവ്വകലാശാല ഉത്തരവ്.
4.29.05.2018 തീയതിയിലെ ES II-1/S-395/2017 നമ്പർ സർവ്വകലാശാല ഉത്തരവ്.
5. 01.08.2019 തീയതിയിലെ Acad.D4/17704/2017 നമ്പർ സർവ്വകലാശാല ഉത്തരവ്. .
6.കാസറഗോഡ് ഗവ കോളേജ് പ്രിൻസിപ്പാളിന്റെ 16.05.2022 തിയ്യതിയിലെ കത്ത് നമ്പർ B4/3184/2021
7.കാസറഗോഡ് ഗവ കോളേജ് പ്രിൻസിപ്പലിനുള്ള 14.06.2022 തിയ്യതിയിലെ ഇതേ നമ്പർ ഫയലിലെ കത്ത്
8.കാസറഗോഡ് ഗവ കോളേജ് പ്രിൻസിപ്പാളിന്റെ 28.06.2022 തിയ്യതിയിലെ കത്ത് നമ്പർ B4-3184/2021

**ഉത്തരവ്**

1.പരാമർശം ഒന്നും രണ്ടും പ്രകാരം എൻ.സി.സി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2.സ്പോർട്സ്, ആർട്സ്, എൻ.സി.സി, എൻ.എസ്.എസ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായ ഗ്രേസ് മാർക്ക് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ പരാമർശം മൂന്ന് പ്രകാരം ഭേദഗതി വരുത്തി നടപ്പിലാക്കിയിട്ടുണ്ട്.

3.പരാമർശം നാല് പ്രകാരം, ഗ്രേസ് മാർക്ക്/ഗ്രേഡ് ചേർക്കാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നിർണ്ണയിക്കുന്ന ഉത്തരവിൽ ഭേദഗതി വരുത്തി പരീക്ഷാ വിഭാഗത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4.പരാമർശം അഞ്ച് പ്രകാരം, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, സ്പോർട്സ്, എൻ.സി.സി പ്രവർത്തനങ്ങളിലേർപ്പെട്ട് മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ രൂപീകരിച്ചും, വൈകി സമർപ്പിക്കുന്ന അപേക്ഷകൾക്ക് പിഴ നിശ്ചയിച്ചും (ഭിന്നശേഷി വിഭാഗങ്ങൾക്ക് ഒഴികെ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5.പരാമർശം ആറ് പ്രകാരം കാസറഗോഡ് ഗവ കോളേജ് പ്രിൻസിപ്പാൾ ,പ്രസ്തുത കോളേജിൽ 2019 അധ്യയന വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ എൻ സി സി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനായി അപേക്ഷകളും അനുബന്ധരേഖകളും സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിരുന്നു.

6.പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച അപേക്ഷകൾ, പിഴ ഒടുക്കാതെ അനുവദിക്കാവുന്ന കാലാവധിക്ക് ശേഷം സമർപ്പിച്ചിട്ടുള്ളതായതിനാൽ ചട്ടപ്രകാരമുള്ള പിഴ ഓരോ വിദ്യാർത്ഥിയിൽ നിന്നും ഈടാക്കി എൻ സി സി ഗ്രേസ് മാർക്ക് അനുവദിക്കുവാൻ ഉത്തരവായ വിവരം പരാമർശം ഏഴ് മുഖേന പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട്.

7.പരാമർശം എട്ട് പ്രകാരം,കാസറഗോഡ് ഗവ കോളേജ് പ്രിൻസിപ്പാൾ, ചുവടെ കൊടുത്ത പട്ടികയിൽ ഉൾപ്പെട്ട പതിനൊന്ന് വിദ്യാർത്ഥികളുടെ രണ്ടാം വർഷ എൻ സി സി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിലേക്കായി നിശ്ചിത പിഴ ഒടുക്കിയതിന്റെ രസീതി സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| Sl No | Name of the candidate | Name of the course | Register No/Year | NCC Certificate | NCC Grace Mark in % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ABHIN T K | B.Sc Computer Science | GK19CCSR20 2020-21 | B | 3 |
| 2 | ATHUL KRISHNAN A | B.COM | GK19BR0017 2020-21 | B | 3 |
| 3 | SREEHARI M | B.Sc GEOLOGY | GK19CGER26 2020-21 | B | 3 |
| 4 | SREEHARI P | B.Sc Computer Science | GK19CCSR13 2020-21 | Republic day parade attendance | 7 |
| 5 | SUBRAMANYA G | B.Sc MATHEMATICS | GK19CMSR20 2020-21 | B | 3 |
| 6 | VISHNUPRASAD P | B A HISTORY | GK19AHIR048 2020-21 | B | 3 |
| 7 | VISHNU SHARMA P | BA ECONOMICS | GK19AECR049 2020-21 | National Integration Camp | 4 |
| 8 | ADHEENA VINCENT | B A HISTORY | GK19AHIR017 2020-21 | B | 3 |
| 9 | SHARANYA K | B A KANNADA | GK19AKNR014 2020-21 | B | 3 |
| 10 | SNEHA S G | BSC CHEMISTRY | GK19CCHR16 2020-21 | B | 3 |
| 11 | ASHWANI K | B A ENGLISH | GK19AEGR021 2020-21 | B | 3 |

6.മേൽ പറഞ്ഞ വിവരങ്ങൾ വിശദമായി പരിശോധിച്ച അക്കാദമിക വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ II , പട്ടികയിൽ വിവരിച്ച 11 ബിരുദ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ എൻ.സി.സി ഗ്രേസ് മാർക്ക് 2020-21 അധ്യയന വർഷത്തിൽ അനുവദിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

7.തദനുസൃതമായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i)മേൽ വിവരിച്ച പ്രകാരം, കാസറഗോഡ് ഗവ കോളേജിലെ 11 എൻ.സി.സി കേഡറ്റുകൾക്ക് 2020 - 21 അധ്യയന വർഷത്തിലെ രണ്ടാം വർഷ ബിരുദ കോഴ്സിലേക്ക് എൻ.സി.സി ഗ്രേസ് മാർക്ക് മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ചിരിക്കുന്നു.

ii)അർഹരായ വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്കുകൾ പരീക്ഷാ വിഭാഗം നൽകുന്നതായിരിക്കും.

Jisha K P
**അസിസ്റ്റന്റ് രജിസ്ട്രാർ II**
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:പ്രിൻസിപ്പാൾ, ഗവ കോളേജ്, കാസറഗോഡ്

പകർപ്പ്: 1.പരീക്ഷാ കൺട്രോളറുടെ പി.എ
2.ഡി.ആർ - II, എ.ആർ - III & VIII (പരീക്ഷാ വിഭാഗം)
3.പരീക്ഷാ വിഭാഗം EC I / EC II / ES I / ES II /EA I /EA II സെക്ഷനുകൾ
4.കരുതൽ ഫയൽ,/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ